# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3671 — 20.06.2018 — ൽ മറുപടിക്ക്

## മാനുവൽ ആയി റേഷൻ വിതരണം നടത്തുന്നത് അവസാനിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി. ദിവാകരൻ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇനി എവിടെയെല്ലാം ഇ-പോസ് സംവിധാനം നടപ്പിലാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്തെ മൊബൈൽ കണക്ടിവിറ്റി ഇല്ലാത്ത 42 റേഷൻ കടകളൊഴികെ മറ്റെല്ലാ റേഷൻ കടകളിലും എല്ലാ റേഷൻ സാധനങ്ങളും ഇ-പോസ് മെഷീൻ വഴിയാണ് വിതരണം ചെയ്യുന്നത്. കണക്ടിവിറ്റി ഇല്ലാത്ത കടകളിൽ മാനുവലായി റേഷൻ വിതരണം നടത്തുന്നുണ്ട്. ഒരാൾക്കും റേഷൻ നിഷേധിക്കപ്പെടരുത് എന്ന സദുദ്ദേശ്യത്തോടെ ഏർപ്പെടുത്തിയ ഈ സംവിധാനം ദുരുപയോഗപ്പെടുത്തി റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്നതായി ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആതന്റിക്കേഷൻ ഇല്ലാത്ത ട്രാൻസാക്ഷനുകൾ കൂടുതലായി നടത്തുന്ന റേഷൻ കടകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വ്യക്തി അറിയാതെ ആധാർ ആതന്റിക്കേഷൻ നടത്തി എന്ന പരാതികളിന്മേലും അന്വേഷിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഇ-പോസ് മെഷീൻ സ്ഥാപിച്ചതിന് ശേഷവും പല കാരണങ്ങൾ പറഞ്ഞ് റേഷൻ വിതരണം മാനുവൽ ആയി നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) ഉണ്ടെങ്കിൽ ഈ പ്രവണത അവസാനിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ